പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1691 | 15.02.2016 ൽ മറുപടിയ്ക്ക് |
|---|---|
| **നിർഭയ പദ്ധതി** | |
| ചോദ്യം<br>**ശ്രീ.ജയിംസ് മാത്യു** | ഉത്തരം<br>**ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) നിർഭയ പദ്ധതിപ്രകാരം നിർമ്മിക്കപ്പെട്ട ഏതെങ്കിലും കെട്ടിടം ഏതെങ്കിലും തദ്ദേശസ്ഥാപനങ്ങൾ തങ്ങളുടെ ധനാഗമ മാർഗ്ഗത്തിനായി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ: | (എ) &(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളിൽ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളും, സ്ത്രീസുരക്ഷാകേന്ദ്രമായും മാത്രമേ പ്രവർത്തിപ്പിക്കാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ; | |
| (സി) നിർഭയ കേന്ദ്രങ്ങളുടെ നടത്തിപ്പിനായി സമാന ചിന്താഗതിയുള്ള സന്നദ്ധ സംഘങ്ങളും സഹകരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രസ്തുത പദ്ധതി ജനകീയമാക്കുന്നതിന് നിർദ്ദേശം നൽകുമോ? | (സി) നിലവിൽ നിർഭയ ഷെൽട്ടർ ഹോമുകൾ സർക്കാർ മേൽനോട്ടത്തിൽ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയാണ് പ്രവർത്തിച്ച് വരുന്നത്. നിർഭയ ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും ജില്ലാതല നിർഭയ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടന പ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ എന്നിവർ ഉൾപ്പെടെയുള്ള ജില്ലാതല നിർഭയകമ്മിറ്റിയും എംപവേർഡ് കമ്മിറ്റിയും ഉൾപ്പെടെയുള്ള സംവിധാനമാണ് ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതും വിലയിരുത്തുന്നതും. |

സെക്ഷൻ ഓഫീസർ